കളക്ടർമാരുടേയും ഡീസലിന്റെ ചാർജ്ജ് അതിൽനിന്നുമാണ് ഈടാക്കുന്നത്. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും കഴിയാത്ത ചില ജില്ലകളിൽ ഇത്തരം ഒരു സ്ഥിതിവിശേഷമാണുള്ളത്. പത്തനംതിട്ട ജില്ലയിലെ ജീവനക്കാരോട് ആർ.ഡി.ഒ. തെറ്റായ രീതിയിൽ പെരുമാറുകയും ചെയ്യുകയാണ്, അതൊക്കെ മന്ത്രിക്ക് അറിയാവുന്നതാണ്. അതുകൊണ്ട് നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. എഞ്ചിനീയർ മാരുൾപ്പെടെയുള്ളവർക്ക് വളരെ തുച്ഛമായ വേതനമാണ് ഇവിടെ നൽകുന്നത്. അത് വർദ്ധിപ്പിക്കാനുമുള്ള നടപടിയുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം എം.എൽ.എ.-മാരെക്കൂടി ഈ ഗവേണിംഗ് ബോഡിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. ഇത് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനമായതുകൊണ്ട് അതിന്റെ ബൈലാ അനുസരിച്ചു മാത്രമെ പോകാൻ പറ്റുകയുള്ളൂ. എം.എൽ.എ.-മാരെ ഉൾപ്പെടുത്തുക എന്നുപറഞ്ഞാൽ ഒരു ജില്ലയിലെ മുഴുവൻ എം.എൽ.എ.-മാരേയും ഇതിൽ ഉൾപ്പെടുത്താൻ പറ്റില്ല. പക്ഷേ അതിനുപകരം ഒരു കാര്യം ചെയ്യാം. ഒരു മോണിറ്ററിംഗ് കമ്മിറ്റിയുണ്ടാക്കാം. ആ മോണിറ്ററിംഗ് കമ്മിറ്റിയിൽ എം.എൽ.എ.-മാർക്ക് പ്രതിനിധ്യം കൊടുക്കാം. ഏത് എം.എൽ.എ.-യുടെ ഏത് വർക്ക് ചെയ്യുന്നുവോ ആ എം.എൽ.എ.-യേയും കൂട്ടി ചർച്ച ചെയ്ത് മോണിറ്റർ ചെയ്യുന്ന രീതിയിൽ ഒരു പുതിയ പരിഷ്ക്കാരം നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ കൊണ്ടുവരാൻ കഴിയുന്നതാണ്, അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കാം.

(2) ബാംബൂ കോർപ്പറേഷൻ നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. അവിടെ പനമ്പും ബാംബൂ പ്ലൈ ഉല്പന്നങ്ങളും കെട്ടികിടക്കുകയാണ്. അത് വിറ്റഴിക്കാനുള്ള നടപടികൾ മാനേജുമെന്റിന്റെ ഭാഗത്തു നിന്നും ശക്തമായി എടുക്കുന്നില്ല എന്നുള്ള ആക്ഷേപവുമുണ്ട്. അതുപോലെതന്നെ അതിന്റെ അസംസ്കൃത വസ്തു വനം ഫ്രീയായി നൽകുന്ന ഈറ്റയാണ്. ആ ഈറ്റ കൃത്യമായും ലഭ്യമല്ലാത്ത സാഹചര്യം ഉണ്ട്. പനമ്പ് കെട്ടിക്കിടക്കുന്നതുമൂലം ലഭിക്കുന്ന ഈറ്റ, അവിടെ വിതരണം ചെയ്യുന്നില്ല. കൂടുതൽ ഈറ്റ ലഭ്യമാക്കാനും അത് വച്ചു പിടിപ്പിക്കാനും വനംവകുപ്പിൽ നിന്നും റിസർവ്വു വനം ഈറ്റ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി തരണമെന്നുള്ള ആവശ്യം വ്യവസായ വകുപ്പിൽനിന്നും നിരന്തരമായി ഉന്നയിച്ചിട്ടുണ്ടെങ്കിലും അതും നടന്നിട്ടില്ല. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ക്ലോഷർ പിരീഡിൽ ഈറ്റ ലഭ്യമാക്കണമെങ്കിൽ തനതായി ബാംബൂ കോർപ്പറേഷന് ഈറ്റ വച്ചു പിടിപ്പിക്കാൻ വനം വിട്ടു കിട്ടേണ്ട സാഹചര്യമുണ്ട്. വനംവകുപ്പിൽ നിലനിർത്തിക്കൊണ്ട് തന്നെ ആ സ്ഥലം ലഭ്യമാക്കാനുള്ള അവസരം കൂടി ഉണ്ടാകാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധി ഇല്ലാതാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് ഭാഗത്തു നിന്നുണ്ടാകണം. അതിനാവശ്യമായ സാമ്പത്തിക സഹായം കൂടി നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ബാംബൂ കോർപ്പറേഷന്റെ കമ്പനി ലേ ഓഫ് കഴിഞ്ഞ് ഇന്നലെ പ്രവർത്തനം ആരംഭിച്ചു. 2001-02-ൽ 60.15 ലക്ഷം രൂപയും 2002-03-ൽ 112.6 ലക്ഷം രൂപയുമാണ് കോർപ്പറേഷന്റെ നഷ്ടം. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബാംബൂ കോർപ്പറേഷന്റെ ഉല്പന്നം വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് സിസ്റ്റം സജീവമാക്കാനും മാനേജുമെന്റ് സംവിധാനത്തിൽ മാറ്റങ്ങൾ വരുത്താനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മാത്രവുമല്ല, കേന്ദ്രം വില്പന നികുതി ഈടാക്കുന്നതു കൊണ്ട് ഒരു പ്രതിസന്ധിയുണ്ട്. രെസ്ട്രിക്ഷൻ പിരീഡിൽ ഈറ്റ മുറിക്കാനുള്ള തടസ്സമുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസം കഴിഞ്ഞാൽ അത് നീക്കം ചെയ്യാനുള്ള പ്രത്യേക അനുമതി ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുവാനും നടപടി എടുത്തുവരുന്നു. ചൈന പോലുള്ള രാജ്യങ്ങളിൽ നിന്നും ബാംബൂ സപ്ലൈ ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഇവിടെയുള്ള ഉല്പന്നങ്ങൾ ലാമിനേറ്റു ചെയ്ത് ബാംബൂ ബോർഡ് വികസിപ്പിച്ച് എടുക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് എടുത്തുവരുന്നു. താമസിയാതെ അതു ലാഭകരമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നതാണ്.

(3) സംസ്ഥാനത്തെ ലോട്ടറി വില്പനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കലും ഓൺലൈൻ ലോട്ടറി നിരോധിക്കലും

ശ്രീ. എ. കെ. ബാലൻ: സർ, സംസ്ഥാനത്തിനു കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കിത്തരുന്ന ഒരു സ്ഥാപനമാണ് ഭാഗ്യക്കുറി ഡിപ്പാർട്ടുമെന്റ്. ഏതാണ്ട് 35,000-ത്തോളം വരുന്ന അംഗീകൃത ലോട്ടറി ഏജന്റുമാരും രണ്ടര ലക്ഷത്തോളം വരുന്ന സബ് ഏജന്റുമാരും വില്പനക്കാരുമുള്ള ഒരു പ്രസ്ഥാനമാണിത്. സർക്കാരിന് വരുമാന മുണ്ടാക്കിത്തരുന്ന ഈ തൊഴിലാളി വിഭാഗങ്ങൾക്കുവേണ്ടി ക്ഷേമപദ്ധതി പോലുള്ള ആശ്വാസ നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. അതിനാൽ ലോട്ടറി വില്പനക്കാർക്കു വേണ്ടി ഒരു ക്ഷേമ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്നു താല്പര്യപ്പെടുന്നു. സംസ്ഥാന സർക്കാരിനു ലഭിക്കേണ്ടുന്ന കോടിക്കണക്കിനു രൂപയുടെ വരുമാനം അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തിയിട്ടുള്ള ഓൺലൈൻ ലോട്ടറിക്കാർ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. ഒരാഴ്ച ആറു കോടി രൂപയാണ് കേരളത്തിൽനിന്നും പോകുന്നത്. ഓൺലൈൻ ലോട്ടറി മൂലം കോടിക്കണക്കിനു രൂപ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതു നിരോധിക്കുന്നതിനും പേപ്പർ ലോട്ടറി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. 2000-01-ൽ 26 കോടി 79 ലക്ഷം രൂപയാണ് ലോട്ടറിയിൽ നിന്നും നമുക്ക് ലഭിച്ചത്. 2002-03-ൽ അത് 13 കോടി രൂപയായി കുറഞ്ഞു. ഈ സാഹചര്യത്തിലാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, നമ്മുടെ സംസ്ഥാനത്ത് ആകെ 32,296 അംഗീകൃത ലോട്ടറി ഏജൻറുമാരാണുള്ളത്. അവർക്ക് ക്ഷേമപദ്ധതി ഉണ്ട്. സബ് ഏജന്റുമാരെ അതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏജന്റുമാർക്ക് മാസം 15 രൂപ അടച്ചാൽ മതി. 10,000 രൂപ വരെ മരണാനന്തരം കിട്ടുന്നതാണ്. അന്യ സംസ്ഥാനങ്ങളിലെ ലോട്ടറി നിരോധിക്കാൻ നിയമമില്ല. ഓൺലൈൻ ലോട്ടറിയെ സംബന്ധിച്ച് പരാതി കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ചു പരിശോധിക്കുന്നതാണ്. ഇവിടെ ഓൺലൈൻ ലോട്ടറി നടത്താൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly